(സി) 31-3-2002 നകം പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

പ്രാദേശിക വികസന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

56 (1353) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാദേശിക വികസന അതോറിറ്റികളുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഓരോ വികസന അതോറിറ്റിക്കും വേണ്ടി ഇതുവരെ ചെലവഴിച്ച തുക എത്ര ;

(സി) ഇവയുടെ പ്രവർത്തനഫലമായി ഓരോ പ്രദേശത്തും അടിസ്ഥാനപരമായി എന്തെല്ലാം മാറ്റങ്ങളാണുണ്ടായത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വികസന അതോറിറ്റികൾക്ക് സർക്കാർ ഗ്രാന്റായും ലോണായും വികസന പ്രവർത്തനങ്ങൾക്ക് ധന സഹായം നൽകിവരുന്നുണ്ട്. ഇതുവരെ ഗ്രാന്റായും ലോണായും 39,09,05,600/- (മുപ്പത്തൊൻപതു കോടി ഒൻപതു ലക്ഷത്തി അയ്യായിരത്തി അറുന്നൂറു രൂപ) സർക്കാരിൽ നിന്നും വിവിധ വികസന അതോറിറ്റികൾക്ക് നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) സർക്കാർ അനുവദിക്കുന്ന ഗ്രാന്റും ലോണും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുക്കുന്ന തുകയും കൊണ്ട് സർക്കാർ അംഗീകാരം നൽകിയ നഗരവികസന പദ്ധതികളുടെ ഭാഗമായി പുതിയ റോഡുകൾ, പഴയ റോഡുകളുടെ വീതികൂട്ടൽ, നഗരപ്രദേശങ്ങളിൽ ഉപകേന്ദ്രങ്ങൾ പണിയുക പല വിധത്തിലുള്ള പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുക മുതലായ വളരെയധികം പദ്ധതികൾ ഓരോ വികസന അതോറിറ്റിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രാദേശിക നഗരവികസനത്തിനു വേണ്ടി പ്ലോട്ട് റീ-കോൺസ്റ്റിറ്റ്യൂഷൻ പദ്ധതികളും പല വികസന അതോറിറ്റികളും നടപ്പിലാക്കിയിട്ടുണ്ട്. ഇവ സർക്കാർ അംഗീകരിച്ച വികസന രൂപരേഖയുടെയും വിശദ നഗരാസൂത്രണ പദ്ധതികളുടെയും അടിസ്ഥാനത്തിലാണ്. ഇവ പ്രാദേശിക വികസനത്തിന് പ്രാധാന്യം നൽകികൊണ്ട് നടപ്പിലാക്കിയിട്ടുള്ളതാണ്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

2-3-2001-ലെ 56 (1353)-ാം നമ്പർ ചോദ്യം കാണുക

	വികസന അതോറിറ്റിയുടെ പേര്		ഗ്രാന്റ്,വായ്പ ഇനങ്ങളിലായി ഇതുവരെ നൽകിയ തുക
1.	തിരുവനന്തപുരം വികസന അതോറിറ്റി		12,16,26.000
2.	കൊല്ലം	"	3,50,63.000
3.	കോട്ടയം	"	2,17,30.000
4.	ഇടുക്കി	"	1,13,96.000
5.	ഗ്രേറ്റർ കൊച്ചിൻ	"	8,20,00.000
6.	തൃശ്ശൂർ	"	2,13,20.000
7.	പാലക്കാട്	"	1,13,32.000
8.	കോഴിക്കോട്	"	6,38,93.000
9.	ആലപ്പുഴ	"	90,75.000
10.	കണ്ണൂർ	"	43,25.000
11.	കാസർഗോഡ്	"	91,45.600
		ആകെ	39,09,05.600

അനുബന്ധം V

2-3-2001-ലെ 60 (1291)-ാം നമ്പർ ചോദ്യം കാണുക

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ.

അഞ്ച് ഹെക്ടർ വരെയുള്ള എല്ലാ കർഷകരെയും 2000-2001 അക്കൗണ്ടിംഗ് വർഷം മുതൽ കാർഷികാദായനികുതിയിൽ നിന്നും ഒഴിവക്കി.

റബ്ബർ

റബ്ബർ കർഷകർ നേരിടുന്ന ഗുരുതരമായ റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിന് ഗവൺമെന്റ് വിവിധ തരം ആശ്വാസ നടപടികൾ പ്രഖ്യാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1999-2000 അസസ്മെന്റ് വർഷവും 2000-2001 അക്കൗണ്ടിംഗ് വർഷവും റബ്ബറിന്റെ കാർഷികാദായ നികുതി 20 ഹെക്ടർ വരെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി കാർഷികാദായ നികുതി ചുമത്തുന്നതിന് നിലവിലുള്ള കോമ്പൗണ്ടിംഗ് നികുതി ഘടന താഴെ കൊടുത്തിരിക്കുന്ന പ്രകാരം പുനർനിർണ്ണയം ചെയ്തു.

	നിലവിലുള്ള നിരക്ക്	പുതുക്കിയത്
സ്ലാബ് 1	750 രൂപ	600 രൂപ
സ്ലാബ് 2	1400 രൂപ	1100 രൂപ
സ്ലാബ് 3	2250 രൂപ	1800 രൂപ
സ്ലാബ് 4	3400 രൂപ	2700 രൂപ

രാസ പ്രക്രിയയ്ക്ക് വിധേയമായ റബ്ബർ തടിയുടെ നികുതി 6% ആയി കുറച്ചു.

റബ്ബറിന്റെ വാങ്ങൽ നികുതി 12%-തിൽ നിന്നും 2000-2001 മുതൽ 11% ആയി കുറച്ചു.

വ്യവസായ ആവശ്യത്തിന് വിൽക്കുന്ന റബ്ബർ തടിയുടെ വില്പന നികുതി 3% ആയി കുറച്ചു.

20 ഹെക്ടർ വരെയുള്ള റബ്ബർ തോട്ടം ഉടമകൾ വെട്ടി വില്ക്കുന്ന റബ്ബർ മരങ്ങളെ ഒരു വർഷത്തേയ്ക്ക് വില്പന നികുതിയിൽനിന്നും ഒഴിവാക്കി.

1997-98 സാമ്പത്തിക വർഷം മുതൽ റബ്ബറിന്റെ വാങ്ങൽ നികുതി അടച്ചാൽ അന്തർ സംസ്ഥാന നികുതി കൊടുക്കേണ്ടതില്ല.

STC വാങ്ങിയ റബ്ബർ സംസ്ഥാനത്തെ വ്യവസായ യൂണിറ്റുകൾ (ഇറക്കുമതിക്കുള്ള അഡ്വാൻസ് ലൈസൻസ് ഉള്ളവർ) STC യിൽ നിന്നും വാങ്ങുമ്പോഴും അഡ്വാൻസ് ലൈസൻസുള്ള സംസ്ഥാനത്തിന് പുറത്തെ വ്യവസായ യൂണിറ്റുകൾക്ക് STC വിൽക്കുമ്പോഴും 11% വാങ്ങൽ നികുതിയും, 4% അന്തർ സംസ്ഥാന നികുതിയും ഇളവ് അനുവദിച്ചു.

നാളികേരം

നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി നാളികേര ഉല്പന്നങ്ങളെ ഒരു പ്രത്യേക ഇനമായി കണക്കാക്കി വില്പന നികുതി നിരക്ക് 10-ൽ നിന്നും 4% ആയി കുറച്ചു.

തേങ്ങകൊണ്ട് ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് നികുതി കൊടുത്താൽ അതിനുവേണ്ടി വാങ്ങുന്ന തേങ്ങയുടെ വാങ്ങൽ നികുതി 4% ൽ നിന്നും 1% ആയി കുറച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1-4-1998 മുതൽ സംസ്ഥാനത്തിനകത്ത് നിന്നും വാങ്ങി സംസ്ഥാനത്തിന കത്ത് വില്ക്കുന്ന കരിക്കിന്റെ വില്പന നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന തേങ്ങാപ്പാലിന്റേയും ക്രീമിന്റെയും വില്പന നികുതി ഒഴിവാക്കി.

കരിമ്പിന്റെ പർച്ചേസ് ടാക്സ് 8 ൽ നിന്ന് 4 ശതമാനമാക്കി. സഹകരണ ഷുഗർ മില്ലുകൾ ഉല്പാദനത്തിനായി വാങ്ങുന്ന കരിമ്പിന്റെ പർച്ചേസ് ടാക്സ് 2001 ജനുവരി വരെ ഒഴിവാക്കി.

1999-2000-ലെ ധനകാര്യ നിയമപ്രകാരം കാർഷികാദായ നികുതി കോമ്പൗണ്ട് ചെയ്യുന്നതിന് നിലവിലുള്ള 20 ഹെക്ടറിൽ നിന്നും 500 ഹെക്ടറായി ഉയർത്തുകയും അത് എല്ലാ വിഭാഗം കർഷകർക്കും ബാധകമാക്കുകയും ചെയ്തു.

1997 മാർച്ച് 31 വരെയുള്ള ഒരു വർഷത്തേയ്ക്ക് കാർഷികാദായനികുതി കുടിശ്ശികയുടെ പലിശയിന്മേൽ 60% വരെ ഇളവ് അനുവദിക്കുകയുണ്ടായി.

1998-99 സാമ്പത്തിക വർഷം മുതൽ കമ്പനികളുടെ കാർഷികാദായ നികുതി നിരക്ക് 65% ൽ നിന്നും 60% ആയി കുറച്ചു.

ഏലം, കുരുമുളക്, അടയ്ക്ക എന്നിവയുടെ വില്പന നികുതി 1-1-2000 മുതൽ 8%-ൽ നിന്നും 4% ആയി കുറച്ചു.

തേയില

തേയിലയുടെ വിലയിടിവ് കണക്കിലെടുത്ത് കൊച്ചി ലേലത്തിൽ വിൽക്കുന്ന ചായയ്ക്ക് പ്രാദേശിക നികുതി 8 ൽ നിന്നും 4% ആയും അന്തർ സംസ്ഥാന നികുതി 4%-ത്തിൽ നിന്നും 2% ആയും കുറവ് ചെയ്തു. (27-6-2000 മുതൽ 31-3-2001 വരെ) ഈ ഇളവ് 1-4-2001 മുതലും തുടരുന്നതാണ്.

കശുവണ്ടി

കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി തോട്ടണ്ടിയുടെ വാങ്ങൽ നികുതി 15-3-2000 മുതൽ 6 മാസത്തേയ്ക്ക് 8ൽ നിന്ന് 4% ആയി കുറവുചെയ്തു. തുടർന്നും 2001 ജനുവരി മുതൽ 2001 മാർച്ച് വരെ വാങ്ങാൽ നികുതി ഒഴിവാക്കി ഈ ഇളവ് 1-4-2001 മുതലും തുടരുന്നതാണ്.

സഹകരണസംഘങ്ങൾ സംഭരിച്ച് വിൽക്കുന്ന നെല്ലിന്റെ വില്പന നികുതി നിറുത്തലാക്കി.

കാപ്പി

കാപ്പിയുടെ വിലയിടിവ് കണക്കിലെടുത്ത് 20 ഹെക്ടർ വരെയുള്ള കാപ്പി കർഷകരെ 2000-2001 അക്കൗണ്ടിംഗ് വർഷത്തേയ്ക്ക് കാർഷികാദായ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി.

കാപ്പിക്കുരുവിന്റെ വില്പന നികുതി 8% ൽ നിന്നും 4% ആയി കുറച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വളം

1996-97 സാമ്പത്തിക വർഷം മുതൽ കാപ്രോലാക്ടം വളത്തിന്റെ അന്തർ സംസ്ഥാന നികുതി 4%-ൽ നിന്നും 2% ആയി കുറച്ചു.

ഓർഗാനിക് വളം നികുതിയിൽനിന്നും 1996-97 മുതൽ ഒഴിവാക്കി.

1-4-97 മുതൽ കോപ്പർ സൾഫേറ്റിന്റേയും വേപ്പിൻ പിണ്ണാക്കിന്റേയും വില്പന നികുതി ഒഴിവാക്കി.

കാർഷിക ഉപകരണങ്ങൾ

കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന പവർ ട്രില്ലറിന്റെ വില്പന നികുതി 01-04-1997 മുതൽ 12.5%-ൽ നിന്നും 4% ആയി കുറച്ചു.

കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന 41 ഇനം കാർഷിക ഉപകരണങ്ങളെ വില്പന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

രണ്ട് HP വരെയുള്ള പമ്പ് സെറ്റുകളുടെ നികുതി 12%-ൽ നിന്നും 4% ആയും 2 HP-യ്ക്ക് മുകളിലുള്ളവയുടേത് 8% ആയും കുറച്ചു.

പവ്വർ ടില്ലറുകളുടെ വില്പന നികുതി 12.5 ശതമാനത്തിൽ നിന്ന് 4% ആയി കുറച്ചു. കാർഷികാദായ നികുതി കുറച്ചു.

1999-2000 മുതൽ ഏലം, നാളികേരം, റബ്ബർ, അടയ്ക്ക, കുരുമുളക്, കശുവണ്ടി, ഗ്രാമ്പു, ജാതി, കൊക്കൊ തുടങ്ങിയ വിളവുകളുടെ കാർഷികാദായ നികുതി കോമ്പൗണ്ടിംഗ് നിരക്കിൽ കുറവ് വരുത്തി.

നാഫെഡ് ശേഖരിച്ച കൊപ്രാ ഉപയോഗിച്ചു ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയെ നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി.

അനുബന്ധം VII

2-3-2001-ലെ 62 (1300)-ാം നമ്പർ ചോദ്യം കാണുക

	ഭാഗ്യക്കുറിയുടെ പേര്	ടിക്കറ്റു വില	ടിക്കറ്റുകളുടെ എണ്ണം	ആകെ സമ്മാനത്തിന്റെ എണ്ണം	സമ്മാനത്തിന്റെ ആകെതുക
1.	പെരിയാർ	10 രൂപ	15 ലക്ഷം	1,56,822	49,64,820
2.	മാവേലി	5 രൂപ	15 ലക്ഷം	1,97,085	30,99,670
3.	കൈരളി	5 രൂപ	15 ലക്ഷം	3,22,086	38,49,700
4.	സൗഭാഗ്യ	10 രൂപ	15 ലക്ഷം	1,53,576	47,69,700
5.	സൂപ്പർ ബംപർ ഭാഗ്യക്കുറി	20 രൂപ	20 ലക്ഷം	2,04,366	1,16,97,750
6.	ഗ്രാന്റ് ബംപർ ഭാഗ്യക്കുറി	30 രൂപ	20 ലക്ഷം	2,05,310	1,92,63,000
7.	മെഗാ ബംപർ ഭാഗ്യക്കുറി	50 രൂപ	25 ലക്ഷം	2,58,925	3,10,89,750

LIBRARY ARCHIVES Kerala Legislative Assembly